**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- 2014 ശമ്പളപരിഷ്കരണം- സീനിയർ/സെലക്ഷൻ ഗ്രേഡുകൾ ലഭിക്കുന്നതിനു മുമ്പ് HM ആയി പ്രൊമോഷൻ ലഭിച്ചിട്ടുള്ള പ്രൈമറി /സെക്കന്ററി സ്കൂൾ അധ്യാപകർക്ക് നോഷണൽ ഗ്രേഡ് അനുവദിച്ചുകൊണ്ടുള്ള 10/06/2019 ലെ ജി.ഒ (പി) നം.66/2019/ഫിൻ സർക്കാർ ഉത്തരവിന് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പി.ആർ.സി-എ) വകുപ്പ്**

**സ.ഉ.(പി)നം. 20/2022/ധന.** **തിരുവനന്തപുരം,തീയതി: 17/02/2022.**

പരാമർശം : 1. GO(P) No.222/2009(126)/Fin dated 08/06/2009
2.GO(P) No.196/2012(64)/Fin dated 31/03/2012
3.GO(Ms)No.171/2013(149)/Fin dated 15/04/2013.
4.GO(P) No.290/2014(197)/Fin dated 16/07/2014
5.GO(P)No.7/2016/Fin dated 20/01/2016
6.GO (P) No.66/2019/Fin dated 10/06/2019.
7.GO(P)No.27/2021/Fin dated 10/02/2021.

**ഉത്തരവ്**

പരാമർശം 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2004, 2009 ശമ്പള പരിഷ്കരണ കാലയളവുകളിൽ സീനിയർ/സെലക്ഷൻ ഗ്രേഡുകൾ ലഭിക്കുന്നതിന് മുമ്പ് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിച്ചിട്ടുള്ള പ്രൈമറി/സെക്കൻഡറി സ്കൂൾ അധ്യാപകർക്ക് നോഷണൽ ഗ്രേഡ് അനുവദിച്ചുത്തരവായിരുന്നു. പരാമർശം 4 പ്രകാരം ടി നോഷണൽ ഗ്രേഡ് ഫിക്സേഷനുകൾക്കും തുടർന്നു വരുന്ന ശമ്പളപരിഷ്കരണങ്ങൾക്കും ഓപ്ഷൻ ആനുകൂല്യം കൂടി അനുവദിച്ച് കൊണ്ട് ഉത്തരവായിരുന്നു. എന്നാൽ സൂചന 5 ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക പരാമർശമില്ലാത്തത് പരിശോധിച്ച് സൂചന 6 പ്രകാരം 2014 ശമ്പള പരിഷ്കരണ കാലയളവിൽ സീനിയർ/സെലക്ഷൻ ഗ്രേഡുകൾ ലഭിക്കുന്നതിനു മുമ്പ് ഹെഡ്മാസ്റ്ററായി പ്രൊമോഷൻ ലഭിച്ചിട്ടുള്ള പ്രൈമറി/സെക്കന്ററി സ്കൂൾ അധ്യാപകർക്ക് നോഷണൽ ഗ്രേഡുകൾ അനുവദിച്ചു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ടി സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 (i) ലെ വ്യവസ്ഥയിൽ അവ്യക്തതയുള്ളതിനാൽ നിരവധി അധ്യാപകർക്ക് നോഷണലായി സീനിയർ/സെലക്ഷൻ ഗ്രേഡുകൾ അനുവദിച്ചതിൽ അക്കൗണ്ടന്റ് ജനറൽ തടസ്സവാദം ഉന്നയിക്കപ്പെട്ടതായും താഴ്ന്ന സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയ്ക്കു മുൻപായി വിരമിക്കേണ്ടി

വരുന്ന അധ്യാപകർക്ക് എച്ച്.എം. തസ്തികയിൽ ശമ്പള നിർണ്ണയം ലഭിക്കാതെ വരുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന 6 ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 2(i) താഴെ പറയും പ്രകാരം പരിഷ്കരിക്കുന്നു.

2(i) "01/02/2016 നോ അതിനു ശേഷമോ നിശ്ചിത 15/22 വർഷ യോഗ്യതാ സേവനം പൂർത്തിയാക്കുന്ന അധ്യാപകർക്ക് ആ തീയതി ***(ഡ്യൂ ഡേറ്റ്)*** പ്രാബല്യത്തിൽ നോഷണൽ ഗ്രേഡ് അനുവദിക്കുന്നതിനും അന്നു തന്നെ ഹെഡ്മാസ്റ്റർ തസ്തികയിലെ ശമ്പളം കെ.എസ്.ആർ. ഭാഗം 1 ചട്ടം 28A നിർണ്ണയാനുകൂല്യത്തോടെ അനുവദിക്കുന്നതിനും, തുടർന്ന് യഥാക്രമം ടിയാളുകളുടെ ഹയർ/സീനിയർ ഗ്രേഡ് സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയിൽ എച്ച്.എം സ്കെയിലിലെ അടുത്ത ഇൻക്രിമെന്റ് അനുവദിക്കുന്നതിനും അനുമതി നൽകുന്നു".

3. സൂചന 6 ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 2(i) മുകളിൽ പറഞ്ഞിരിക്കുന്നതു പ്രകാരം പരിഷ്കരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സൂചന 6 പ്രകാരം ശമ്പള നിർണ്ണയങ്ങൾ നടത്തിയിട്ടുള്ള കേസുകളിൽ റിവ്യൂ ചെയ്ത് പരിഷ്കരണങ്ങൾ ആവശ്യമുള്ളവ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഗോപകുമാർ.എൻ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

1.അഡ്വക്കേറ്റ് ജനറൽ, (എ&ഇ), തിരുവനന്തപുരം.
2.സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്.
3.ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, ജഗതി, തിരുവനന്തപുരം.
4.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും.
5.കരുതൽ ഫയൽ (ഇ- 1862676)/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ